# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വ മിഷൻ - സംസ്ഥാനത്ത് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് Greenage Innovations എന്ന സ്വകാര്യ ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. ഇടുക്കി ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട്.
2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 13.03.2024 -ൽ ചേർന്ന യോഗതീരുമാനം.

നം: 4743/C4/2024/SM തീയതി: 09.10.2024

## ORDER

സംസ്ഥാനത്ത് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക്, നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികളെ എംപാനൽ ചെയ്യുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിൽ അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന Greenage Innovations എന്ന ഏജൻസിയുടെ ഗോഡൗൺ സൗകര്യം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ഫോർവേർഡ് ലിങ്കേജ്, സിമന്റ് ഫാക്ടറികളുമായുള്ള കരാർ, ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത എന്നിവ പരിശോധിച്ച് പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ ശുചിത്വ മിഷനിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പരാമർശം (2) പ്രകാരം 13-03-2024 ൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ മിഷനുകളിൽ നിന്നും ലഭ്യമാക്കുന്ന റിപ്പോർട്ട് പരിശോധിച്ച് വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ, ഏജൻസികളുടെ പ്രവർത്തനം സംബന്ധിച്ച കരാർ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഏജൻസികളെ എംപാനൽമെന്റിനായി പരിഗണിക്കാവുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശുചിത്വ മിഷൻ നിർദ്ദേശിച്ച പ്രകാരം, Greenage Innovations എന്ന ഏജൻസി രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള **Greenage Innovations, Building No. 538/1, Pachady P. O, Nedumkandam, Idukki District - 685553** എന്ന ഏജൻസിക്ക് അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി എജൻസിയുടെ സേവന കാലാവധി **ഈ ഉത്തരവ് തീയതി മുതൽ 2 വർഷം** വരെ ആയിരിക്കും.

| Name and details of agency | District for which the agency is empaneled |
| --- | --- |
| Greenage Innovations,<br>Building No. 538/1, Pachady P. O,<br>Nedumkandam, Idukki District - 685553<br>Ph: 9447572707<br>Email: greenageinnovations@gmail.com | Idukki |

<u>നിബന്ധനകൾ</u>

1. എംപാനൽമെന്റ് കാലാവധി **ഈ ഉത്തരവ് തീയതി മുതൽ** 2 **വർഷം വരെ** ആയിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. സേവനദാതാക്കൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
4. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
5. സേവന ദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്കു അംഗീകാരം ലഭിച്ചിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ പാടുള്ളൂ.
6. ഏജൻസികൾ എംപാനൽമെന്റിനായി ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗോഡൗൺ സൗകര്യം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ഫോർവേർഡ് ലിങ്കേജ്, സിമന്റ് ഫാക്ടറികളുമായുള്ള കരാർ, ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത എന്നിവ എംപാനൽമെന്റ് കാലാവധി തീരും വരെ തുടർന്നും ഉറപ്പു വരുത്തേണ്ടതാണ്.
7. ഫോർവേർഡ് ലിങ്കേജ്, റിജക്റ്റ് മാലിന്യം കൈമാറൽ എന്നിവയ്ക്കായി നിലവിൽ ഉള്ള കരാറുകൾ, ലീസ് എഗ്രിമെന്റുകൾ എന്നിവയുടെ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കേണ്ടതാണ്.

8. മേൽ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ഏജൻസിയുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിനു ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
9. ഏജൻസികളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. എല്ലാ ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാർക്കും
4. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ

* This is a computer system (Digital File) generated letter. Hence there is no need for a physical signature.